**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2253** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഗോശ്രീ പാലങ്ങൾ കൈമാറുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഗോശ്രീ പാലങ്ങളുടെ നിർമാണം പൂർത്തീകരിച്ചിട്ട് എത്ര വർഷം ആയെന്ന് വ്യക്തമാക്കാമോ; | (എ) | ഗോശ്രീ പാലങ്ങളുടെ നിർമാണം പൂർത്തീകരിച്ചിട്ട് 18 വർഷമായി. |
| (ബി) | ഈ കാലയളവിൽ നിരവധി ഭാരമേറിയ വാഹനങ്ങൾ ദിനംപ്രതി കടന്നുപോകുന്ന ഗോശ്രീ പാലങ്ങളുടെ ബലക്ഷമത പരിശോധന നടത്തിയിട്ടുണ്ടോ; | (ബി) | ഗോശ്രീ പാലങ്ങളുടെ ബലക്ഷമത പരിശോധന നടത്തിയിട്ടില്ലാത്തതാണ്. |
| (സി) | ഈ പാലങ്ങളുടെ അറ്റകുറ്റപണികൾ ആരാണ് നിർവഹിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഗോശ്രീ പാലങ്ങളുടെ അറ്റകുറ്റപണികൾ ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയാണ് നിർവ്വഹിക്കുന്നത്. |
| (ഡി) | സമയബന്ധിതമായ അറ്റകുറ്റപണികളും കേടുപാടുകളും നിർവഹിക്കുന്നതിനായി ജിഡക്ക് എഞ്ചിനീയറിംഗ് വിഭാഗം ഇല്ലാതിരുന്നിട്ടും നാളിതുവരെ പ്രസ്തുത പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന് കൈമാറാതിരുന്നതിന് കാരണം വ്യക്തമാക്കാമോ; | (ഡി) | ഗോശ്രീ പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഇ) | ഗോശ്രീ പാലങ്ങളുടേയും അനുബന്ധ അപ്രോച്ച് റോഡുകളുടേയും ശോചനീയാവസ്ഥ കണക്കിലെടുത്ത് ജിഡ ജനറൽ കൗൺസിൽ തീരുമാനപ്രകാരം പ്രസ്തുത പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന് കൈമാറാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ഇ) | ഗോശ്രീ പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (എഫ്) | പ്രസ്തുത പാലങ്ങളും അനുബന്ധ അപ്രോച്ച് റോഡുകളും എപ്പോൾ പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എഫ്) | ഗോശ്രീ പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ